# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 313 — 29-06-2016-ൽ നൽകിയ മറുപടിയുടെ തിരുത്തൽ മറുപടി

## ലോട്ടറി വരുമാനം

| | ചോദ്യം<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. കെ.എസ്.ശബരീനാഥൻ | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മുൻ സർക്കാർ കേരളത്തിൽ അന്യസംസ്ഥാന ലോട്ടറി ഏതു വർഷം മുതലാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | 2001 മുതൽ സിക്കിം ലോട്ടറിയുടെ വില്പന കേരളത്തിൽ നിരോധിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുവരികയും കേരള സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലും കേരളത്തിലും സിക്കിമിലും ഇതുമൂലമുണ്ടായ അസ്വസ്ഥതകൾ കണക്കിലെടുത്തും 15-12-2011-ലെ GSR 883(E) നമ്പർ നോട്ടിഫിക്കേഷൻ മുഖാന്തിരം ഡിസംബർ 2011 മുതൽ സിക്കിം ലോട്ടറിയുടെ വിൽപ്പന കേന്ദ്ര സർക്കാർ കേരളത്തിൽ രണ്ട് വർഷത്തേയ്ക്ക് നിരോധിക്കുകയുണ്ടായി. തുടർന്ന് 12-06-2015-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഗസറ്റ് വിജ്ഞാപനം നമ്പർ S.O. 1641 (E) പ്രകാരം ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ, കേരളത്തിൽ സിക്കിം ലോട്ടറി വിൽക്കുന്നത് തടഞ്ഞുകൊണ്ടുള്ള 15-12-2011-ലെ നിരോധനം തുടരുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>CBI അന്വേഷണവുമായി ബന്ധപ്പെട്ട് ഭൂട്ടാൻ ലോട്ടറിയുടെ വിൽപ്പനയും തടഞ്ഞിട്ടുണ്ട്. |
| (ബി) | അന്യ സംസ്ഥാന ലോട്ടറി നിർത്തലാക്കിയതുമൂലം ലോട്ടറി വരുമാനത്തിൽ എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അധികമായി ലഭ്യമായതെന്ന് വെളിപ്പെടുത്താമോ; | (ബി) | കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികൾ നിരോധിച്ചത് 2011 ഡിസംബർ മുതലാണ്. അന്യസംസ്ഥാന ലോട്ടറികളുടെ നിരോധനം സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്.<br>2010-11 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള ലോട്ടറി വരുമാനം ചുവടെ ചേർക്കുന്നു. |

| വർഷം | ലോട്ടറിയിൽ നിന്നുള്ള വരുമാനം (വിറ്റുവരവ്) |
|---|---|
| 2010-11 | 557.69 കോടി രൂപ |
| 2011-12 | 1287.22 കോടി രൂപ |
| 2012-13 | 2778.80 കോടി രൂപ |
| 2013-14 | 3793.84 കോടി രൂപ |
| 2014-15 | 5445.84 കോടി രൂപ |
| 2015-16 | 6318.47 കോടി രൂപ |

| | | | |
|---|---|---|---|
| (സി) | ലോട്ടറി വഴിയുള്ള വരുമാനം ഉപയോഗിച്ച് പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായത്തിന് എന്തെല്ലാം പദ്ധതിയാണ് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കാമോ; | (സി) | മാരകമായ രോഗങ്ങൾ പിടിപെട്ടവരും വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവു മൂലം വിദഗ്ധ ചികിത്സയ്ക്ക് പണം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവരുമായ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സ ബന്ധപ്പെട്ട ആശുപത്രികളിലൂടെ സൗജന്യമായി നൽകുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നിവയുടെ ചികിത്സ, കരൾ/ തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ ശ്വാസകോശം, നട്ടെല്ല്, സുഷുമ്നനാഡി എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | കാരുണ്യ പദ്ധതിയിലൂടെ ഇതിനോടകം എത്രകോടി രൂപ സഹായധനമായി നൽകിയെന്ന് വെളിപ്പെടുത്താമോ; | (ഡി) | കാരുണ്യ പദ്ധതിയിലൂടെ ഇതിനോടകം 814.06 കോടി രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. |
| (ഇ) | 2016 മാർച്ച് 4-ന മുൻപ് അനുവദിച്ച എത്രകോടി രൂപയുടെ സഹായം ഇനി നൽകാൻ അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | സ്വകാര്യ ആശുപത്രികൾക്ക് 23.34 കോടി രൂപയും, സർക്കാർ ആശുപത്രികൾക്ക് 453.37 കോടി രൂപയും ഉൾപ്പെടെ ആകെ 476.71 കോടി രൂപയുടെ സഹായം നൽകാൻ അവശേഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ.**